**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2129** — **09-12-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചട്ടം നിലവിലുണ്ട്. പൊതുസ്ഥലംമാറ്റത്തിനായി സർക്കാർ പുറത്തിറക്കിയിട്ടുള്ള 25.02.2017-ലെ സ.ഉ.(പി)നം.03/2017/പി&എ.ആർ.ഡി സർക്കാർ ഉത്തരവും അനുബന്ധ ഭേദഗതികൾക്കും പുറമേ 10.10.2017-ലെ സ.ഉ.(കൈ)നം.79/2017/ഗതാഗതം, 04.01.2019-ലെ സ.ഉ.(കൈ)നം.01/2019/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകളും മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് ബാധകമാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | 25.02.2017-ലെ സ.ഉ.(പി)നം.03/2017/പി.&എ.ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം നോൺ വെക്കേഷൻ വകുപ്പുകളിൽ ഏപ്രിൽ 30-ന് മുമ്പ് പൊതുസ്ഥലംമാറ്റം പൂർത്തിയാക്കേണ്ടതാണ്. |
| (സി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണെന്നും ആയതിൻപ്രകാരം അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കുമോ; അന്തിമ സ്ഥലംമാറ്റ പട്ടിക നാളിതുവരെയായി പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്നും എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കരട് സ്ഥലംമാറ്റ പട്ടിക 22.06.2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അന്തിമ സ്ഥലംമാറ്റ പട്ടിക 07.12.2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ബഹു. കേരള ഹൈക്കോടതിയുടെ റോഡ് സുരക്ഷാ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉള്ള നടപടികൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിലേക്കായി നിലവിലുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാലാണ് പ്രസ്തുത സ്ഥലംമാറ്റത്തിനു കാലതാമസം നേരിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ